'ഭരണഭാഷ – മാതൃഭാഷ'

നം. WCD/E8/13959/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി:04.01.2023
Email: wcdestablishment2017@gmail.com
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം: വനിത ശിശുവികസനവകുപ്പ് ഡയറക്ടറേറ്റ്-ജീവനക്കാര്യം- വകുപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ ആയി (SCORE പോർട്ടൽ മുഖേന) സമർപ്പിക്കുന്നത് -പരിശീലനം നൽകുന്നത് - സംബന്ധിച്ച്

സൂചന: 1) സ.ഉ(സാധാ)നം.3113/2021/പൊ.ഭ.വ തീയതി: 18.08.2021

2) 10.12.2021, 01.04.2022 എന്നീ തീയ്യതികളിലെ മേൽ നം. പരിപത്രങ്ങൾ

വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന കാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺ ലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതലയുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയുണ്ടായി.

വകുപ്പിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) നിർബന്ധമായും രജിസ്റ്റർ ചെയ്ത് User Name & Password സ്വീകരിക്കേണ്ടതാണെന്നും രജിസ്ട്രേഷനും കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ട നടപടിക്രമങ്ങളും വിശദീകരിച്ചുകൊണ്ട് സൂചന (1) (2) എന്നിവ പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. തുടർന്നു ഇത്തരത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്മേൽ റിപ്പോർട്ടിംഗ് ഓഫീസർ, റിവ്യൂവിംഗ് ഓഫീസർ എന്നിവരെ നിശ്ചയിച്ചു ആയവർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് **Approve** ചെയേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

അതിൻ പ്രകാരം 2021 വർഷം മുതൽ വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ (SCORE) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചുവരുന്ന ജീവനക്കാരിൽ നിന്നും പരിശീലനം ലഭ്യമാക്കണമെന്ന അപേക്ഷകൾ ലഭ്യമായതിൻ പ്രകാരം ധനകാര്യ (IT സോഫ്റ്റ്വെയർ) വകുപ്പിന്റെ നേതൃത്വത്തിൽ വകുപ്പിലെ ജീവനക്കാർക്കു മാത്രമായി **06/01/2023 തീയ്യതി രാവിലെ 11.30 മുതൽ 12.30** വരെ സംസ്ഥാന തലത്തിൽ പരിശീലനം (Online) നൽകാൻ തീരുമാനിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ വകുപ്പിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാർ പ്രസ്തുത പരിശീലന പരിപാടിയിൽ Online ആയി പ്രവേശിക്കേണ്ടതാണ്.

ഒരു കാര്യാലയത്തിൽ നിന്നും കാര്യാലയ മേധാവിയുടെ ലോഗിനിലൂടെ മാത്രം പരിശീലന പരിപാടിയിൽ പ്രവേശിക്കേണ്ടതും എല്ലാ ജീവനക്കാരും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കേണ്ടതുമാണ്. ഓൺലൈനായി പങ്കെടുക്കേണ്ട ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഒരു ലോഗിനിലൂടെ മാത്രമേ ഒരു കാര്യാലയത്തിൽ നിന്നും പരിശീലന പരിപാടിയിൽ പ്രവേശിക്കാൻ പാടുള്ളൂ.

**Meeting Link;**
**Google Meet joining info**
**Video call link: https://meet.google.com/hyr-vafu-cmt**

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. info.score@kerala.gov.in
2. സ്റ്റോക്ക് ഫയൽ